കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

# തിരുപുറം ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/321/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തിരുവനന്തപുരം,

തീയതി : 04.06.2020

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന ),

തിരുപുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുപുറം ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 -ലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്,

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.1/321 2020 തീയതി: 04.06.2020

## തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.11.2019 മുതൽ 23.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സിന്ധുലാബീവി എം, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അനിൽകുമാർ.ആർ, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അരുൺ.സി.എസ്സ്, സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനിഷ.എസ്.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. രാജു.എസ് , ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൽ.ക്രിസ്തുദാസ് | 01.04.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.രമേശ്.ജി | 01.04.2018 മുതൽ 22.4.18 വരെ |
| | ശ്രീ.അശോക് കുമാർ.എസ്സ് | 23.4.18 മുതൽ 20.5.18 വരെ |
| | ശ്രീ.രമേശ്.ജി | 21.5.18 മുതൽ 31.3.2019വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.രത്തരാജ്<br>ശ്രീ.മഹേഷ്.റ്റി<br>ശ്രീ.രത്തരാജ് | 01.04.18 മുതൽ 31.7.18 വരെ<br>01.08.18 മുതൽ 03.09.18വരെ<br>4.9.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | ഡോ.രാഹുൽ.ജി.ജെ<br>ഡോ.രഞ്ജിനി. ആർ.ഐ<br>ഡോ.ഗായത്രി.എ.എസ്സ്<br>ഡോ.ലിയോ ബെന്നറ്റ്<br>ഡോ.സുബി.വി.പി | 01.04.18 മുതൽ 7.9.18വരെ<br>08.09.18 മുതൽ 17.11.18 വരെ<br>18.11.18 മുതൽ 14.01.19 വരെ<br>15.01.19 മുതൽ 25.02.19 വരെ<br>26.02.19 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവേദം | ഡോ.നിയ കരുണേശ് | 01.04.18 മുതൽ 18.07.2018 വരെ |
| | ഡോ.ഇന്ദു ഗോപകുമാർ | 19.07.18 മുതൽ 31.03.19വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ഷീലാകുമാരി<br>ശ്രീ.രാജാമണി<br>ശ്രീമതി.രമ്യ തോപ്പിൽ | 01.04.18 മുതൽ 31.06.18വരെ<br>01.07.18 മുതൽ 03.07.18 വരെ<br>04.07.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | ശ്രീമതി.മിനിമോൾ | 01.04.18 മുതൽ 31.03.19വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീ.സനൽകുമാർ | 01.04.18 മുതൽ 31.03.19വരെ |
| ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ | ശ്രീമതി.ശ്രീല.ബി.എസ്സ് | 01.04.18 മുതൽ 31.03.19വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ഉഷാകുമാരി.എൽ.ആർ | 01.04.18 മുതൽ 31.03.19വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിനകുമാർ.കെ.കെ | 01.04.18 മുതൽ 31.03.19വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജയശ്രീ<br>ശ്രീമതി.ശിവാംബിക | 01.04.18 മുതൽ 8.7.18 വരെ<br>09.7.18 മുതൽ 31.03.19വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | സാമ്പത്തിക നില | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 09 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| 12 | പഞ്ചായത്ത് ഉടമസ്ഥതയിലെ ഷോപ്പിംഗ് കോംപ്ലക്സ് - വരവ് വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 13 | തൊഴിൽ നികുതി -വരവ് പൂർണമല്ല | 1-13 |
| 14 | ലൈസൻസ് - അപാകതകൾ | 1-14 |
| 15 | ഒരേ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗ ക്രമത്തിലുള്ളതുമായ 100 $m^2$ ന് മുകളിലുള്ള കെട്ടിടത്തെ 100 $m^2$ താഴെയുള്ള കെട്ടിട ഭാഗമാക്കി വ്യത്യസ്ത നമ്പർ നൽകി- വരുമാനത്തിൽ കുറവ് സംഭവിക്കാൻ സാദ്ധ്യത. | 1-15 |
| 16 | ലേലം-തുക ഈടാക്കിയിട്ടില്ല. | 1-16 |
| 17 | ബിൽഡിംഗ് പെർമിറ്റ് - അപാകങ്ങൾ | 1-17 |
| 18 | വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-18 |
| 19 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-19 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല – 350000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | റോഡ് റീസ്റ്റോറേഷൻ ചാർജ് - പണി പൂർത്തിയാക്കിയിട്ടില്ല. | 1-21 |
| 22 | എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്താതെ പ്രവർത്തി ചെയ്തു – തുക നിരാകരിക്കുന്നു. | 1-22 |
| 23 | ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പ്രവൃത്തികൾ – 195811/- രൂപ തടസ്സം ചെയ്യുന്നു. | 1-23 |
| 24 | മരാമത്ത് പ്രോജക്ടുകൾ-പ്രോജക്ടുനടത്തിപ്പിലെ കാലതാമസം ഒഴിവാക്കേണ്ടതാണ് | 1-24 |
| 25 | പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം പ്രോജക്ടുകൾ റിവൈസ് ചെയ്യുന്നു. | 1-25 |
| 26 | കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല-നഷ്ടം | 1-26 |
| 27 | ലാപ്പ്ടോപ്പ് വിതരണം-മാർഗ്ഗരേഖ വ്യതിചലിച്ച് ഗുണഭോക്താൾക്ക് നൽകി. | 1-27 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | | |

| | | |
|---|---|---|
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 28 | എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്താതെ പ്രവൃത്തി ചെയ്തു – തുക നിരാകരിക്കുന്നു. | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 29 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 33 | വായ്പ തിരിച്ചടവ് | 4-5 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 35 | ഓഡിറ്റ് റിക്കവറി | 4-7 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 37 | ചാർജ് / സർച്ചാർജ് നടപടികളുടെ വിവരം | 4-9 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 ബജറ്റ് സംബന്ധിച്ച് ഫയലുകളും രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ കണ്ടു

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 &2 പ്രകാരം ബജറ്റ് പ്രൊപോസൽ സമർപ്പിച്ചിട്ടില്ല
- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപോസൽ annexure 3&4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല
- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഇതു സംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല

- ബജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല
- പെർഫോമൻസ് ഓഡിറ്റ് വിങ് ബജറ്റ് റിവ്യൂ ചെയ്തിട്ടില്ല.

(a) പരിധിയിൽ കൂടുതൽ സേവിംഗ്സ്

പല ഹെഡുകളിലും ചെലവഴിക്കുന്നതിനായി വലിയ തുകകൾ വകയിരുത്തിയെങ്കിലും മുഴുവൻ തുകയും ചെലവഴിച്ചില്ല.

| ഹെഡ് കോഡ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|
| 2501034 | 1400000 | 350000 | 25 |
| 2502006 | 540000 | 0 | 0 |
| 2501009 | 217880 | 5950 | 2.7 |
| 2501011 | 560000 | 0 | 0 |

(b) വകയിരുത്തിയതിൽ അധികം ചെലവു ചെയ്തു

താഴെപ്പറയുന്ന ഹെഡുകളിൽ ബജറ്റിൽ വകയിരുത്തിയതിലധികം ചെലവു ചെയ്തു.

| ഹെഡ് കോഡ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | അധികമായി ചെലവഴിച്ച തുക |
|---|---|---|---|
| 2102004 | 70000 | 119350 | 49350 |
| 2202001 | 15000 | 60028 | 45028 |
| 2206001 | 25000 | 26900 | 1900 |
| 2501046 | - | 1425000 | 1425000 |

കേരള പഞ്ചായത്ത്‌രാജ് നിയമം സെക്ഷൻ 214, കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 72,73,74 എന്നിവ അനുസരിച്ച ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ ചെലവ് വരുത്താൻ പാടില്ല. അങ്ങനെ ചെയ്യേണ്ടി വരുകയാണെങ്കിൽ അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ പാസ്സാക്കേണ്ടതാണ്. എന്നാൽ ഇവിടെ മേല്പറഞ്ഞ ചെലവ് നടത്തിയതിനു ശേഷം ബജറ്റ് പുതുക്കുകയോ അനുപൂരക ബജറ്റ് പാസ്സാക്കുകയോ ചെയ്തിട്ടില്ല.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 25.04.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 3126809

വരവ് - 81769128

ആകെ - 84895937

ചെലവ് - 74274375

നീക്കിയിരിപ്പ് - 10621562

# 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | | 12180176 | 12180176 | 12180176 | 0 |
| എസ്.സി.പി | | 1797767 | 1797767 | 1797767 | 0 |
| ടി.എസ്.പി | | 133000 | 133000 | 133000 | 0 |
| സി.എഫ്.സി | | 5426096 | 5426096 | 5426096 | 0 |
| ബി ഫണ്ട് | | 564520 | 564520 | 564520 | 0 |
| മെ. റോഡ് | | 6046000 | 6046000 | 6046000 | 0 |
| മെ. റോഡിതരം | | 2884000 | 2884000 | 2884000 | 0 |
| പൊതു അവശ്യ ഗ്രാന്റ് | 628139 | 11680221 | 12308360 | 11507232 | 801128 |
| എൻ.ആർ.ഇ.ജി.എസ് | 216549 | 613125 | 829674 | 761565 | 68109 |
| Joint Venture | | 4894263 | 4894263 | 3644263 | 1250000 |
| SBI Poovar | 433799 | 447642 | 881441 | 503449 | 377992 |
| TPA | 891 | | 891 | 0 | 891 |
| Dist Co-op Bank | 1755724 | 9413545 | 11169269 | 3168562 | 8000707 |
| Life | | 25583744 | 25583744 | 25566218 | 17526 |
| Cash | 91707 | 105209 | 196916 | 91707 | 105209 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 110551441 | 120 | 58960655 | -- | 53 | 69 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 216549 | 613125 | 829674 | 761565 | 68109 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25089803 | 25089803 | 25089803 | 0 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 551520 | 305 |
| കർഷക തൊഴിലാളി പെൻഷൻ | 10417200 | 925 |
| വിധവാപെൻഷൻ | 6441600 | 528 |
| വാർദ്ധക്യകാല പെൻഷൻ | 13592900 | 1174 |
| വികലാംഗ പെൻഷൻ | 4602700 | 369 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 0 | 0 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 399200 | 32 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2019, 11A.M-ന് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28743/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം തൃപ്തികരമാണ്. എന്നാൽ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളും വളരെ കുറവാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ലാത്തതിനാൽ പഞ്ചായത്ത് അതിർത്തിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നുമുള്ള ലൈസൻസ്, തൊഴിൽനികുതി എന്നീ ഇനത്തിലുള്ള വരവ് ലഭിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിന് വിലയിരുത്താനായിട്ടില്ല. റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. കെട്ടിടനികുതി, പെർമിറ്റ് എന്നിവയുമായി ബന്ധപ്പെട്ട് അപാകതകൾ കണ്ടെത്തിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ആവശ്യകത പല പദ്ധതി രൂപീകരണത്തിലും പാലിച്ചിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് കാലികമാക്കി, അവയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. വരവ് ചെലവ് കണക്കുകൾ ബജറ്റിൻെറ അടിസ്ഥാനത്തിൽ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ വയ്ക്കുന്നില്ല. പഞ്ചായത്തിൻെറ ആസ്തികൾ വർഷം തോറും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ആസ്തികളുടെ സംരക്ഷണം നടത്തുന്നില്ല. പ്രോജക്ട് പൂർത്തീകരിച്ചതിനുശേഷം റിവൈസ് ചെയ്യുന്ന പ്രവണത അംഗീകരിക്കാവുന്നതല്ല. റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാത്തതിനാൽ റോഡുകൾ അപ്രോച്ച്റോഡ് ഇല്ലാതെ നിർമ്മാണം അവസാനിക്കേണ്ടതായി വന്നിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം മന്ദഗതിയിലാണ്. വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ കൂട്ടായ്മ ഉണ്ടാവേണ്ടതാണ്. പ്രോജക്ടുകളുടെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പിന്റെയും മോണിട്ടറിംഗ് സമിതിയുടെയും പ്രവർത്തനം ഉണ്ടായിട്ടില്ല. (20.01.2018-ലെ മാർഗ്ഗരേഖ സ.ഉ.(കെക)നം.11/18/ത,സ്വ.ഭ.വ, തിരുവനന്തപുരം അനുബന്ധം 4 ൽ സ്ററാൻഡിംഗ്കമ്മിറ്റികളുടെ ചുമതലകൾ കാണുക).

<u>രജിസ്റ്ററുകളുടെ പരിപാലനം</u>

ഗ്രാമപഞ്ചായത്തിലെ ലേല രജിസ്റ്റർ സെക്രട്ടറി സാക്ഷ്യ പ്പെടുത്തിയിട്ടില്ല. എല്ലാ ലേല വിവരങ്ങളും, തുകയുടെ ഒടുക്ക് വിവരങ്ങൾ, നിരതദ്രവ്യം ലേല ഇനത്തിൽ മാറ്റിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും മേലധികാരി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

സർക്കാർ ഉത്തരവ് പ്രകാരം അംഗനവാടി തൊഴിലാളികളുടെയും സഹായികളുടെയും 6 മാസത്തെ പ്രതിഫലം - 416100രൂപ, അഡീഷണൽ ഓണറേറിയം ഇനത്തിൽ "2235-02-102-05-Deduct Amount transferred from Development Fund towards Honararium & Allowances of Anganawadi Workers and Helpers (NP) " ഹെഡിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഉത്തരവ് അംഗീകരിക്കുന്നതിന്റെ ഭാഗമായി തുക മുഴുവനും സർക്കാരിലേക്ക് തിരിച്ചടച്ചുവെങ്കിലും സർക്കാർ നിർദ്ദേശിച്ചിരുന്ന ഹെഡിൽ നിന്നും വ്യതിചലിച്ച് മറ്റൊരു ഹെഡിലേക്ക് ("2235-02-102-05-00-00-NP-V") തുക തിരിച്ചടച്ചു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.11.2019 | 01.10.19 മുതൽ 31.10.19 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.01.2019 | 2013-14 മുതൽ 2017-18 വരെ | 06.03.19 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ KSA.TVM.GP.1/974/2019, തീയതി 03.07.2019 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന അപാകത കൂടി കാണുന്നു.

മരങ്ങളുടെ മേലാദായം ലേലം ഡിമാന്റ് -കളക്ഷൻ തുകകൾ എ.എഫ്.എസ്സുമായി പൊരുത്തപെടുന്നില്ല.

| ഇനം | എ.എഫ്.എസ്സ് പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| demand | 9335 | 1680 |
| Collection 2018-19 (ഹെഡ് 431400115) | 3400 | 1680 |
| Advance Collection for 2018-19 | 3925 | 310 |

## 1-12 പഞ്ചായത്ത് ഉടമസ്ഥതയിലെ ഷോപ്പിംഗ് കോംപ്ലക്സ് - വരവ് വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്ത് ഉടമസ്ഥതയിൽ മാങ്കൂട്ടം ഷോപ്പിംഗ് കോംപ്ലക്സിൽ 12/215,12/21,12/218 കെട്ടിട നമ്പറുകളായി 3 കടമുറികളും, പുത്തൻകട ഷോപ്പിംഗ് കോംപ്ലക്സിൽ (പഴയകട വാർഡ് 5) 5/706, 5/707, 5/707A, 5/707B, 5/707C, 5/707D, 5/708 കെട്ടിട നമ്പറുകളായി 7 കടമുറികളും ഉണ്ട്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം പുത്തൻകട ഷോപ്പിംഗ് കോംപ്ലക്സിലെ 5/707B, 5/707Cകടമുറികളും മാങ്കൂട്ടം ഷോപ്പിംഗ് കോംപ്ലക്സിലെ 12/216,

12/215 കടമുറികളിൽ നിന്നുള്ള വാടകയുമാണ് ലഭിച്ചിരിക്കുന്നത്. മാങ്കൂട്ടം ഷോപ്പിംഗ് കോംപ്ലക്സിലെ 12/218 നമ്പർ കടമുറി ലേലം നടത്തിയെങ്കിലും കടമുറി ലേലം കൊള്ളാൻ ആരും തയ്യാറായില്ല. പുത്തൻകട ഷോപ്പിംഗ് കോംപ്ലക്സിലെ 5 കടമുറികളിൽ നിന്നും വാടക ഇനത്തിൽ വരവ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാടക രജിസ്റ്ററിൽ വരവ് ലഭിച്ച കടമുറികളുടെ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് കൂടാതെ സഞ്ചയ പ്രകാരം മിനി ഷോപ്പിംഗ് കോംപ്ലക്സായി രേഖപ്പെടുത്തിയിട്ടുള്ള 10/291 എ നമ്പർ കെട്ടിടത്തിന്റെ ഉപയോഗ ക്രമം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലെ 5/629/എ,9/94 എ നമ്പറുകളായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങൾ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി 13-ന് 05.02.2020-ന് മറുപടി ലഭ്യമാക്കി. മറുപടിയിൽ പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കായി (വായനശാല, അംഗൻവാടി, ബാലവാടി, പമ്പ് ഹൗസ് തുടങ്ങിയ കെട്ടിടങ്ങൾ ഉഫയോഗിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും അവ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.

വിവിധ വാർഡുകളിലെ പഞ്ചായത്ത് ഉടമസ്ഥതയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല എന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതും വാണിജ്യപരമായി ഉപയോഗിക്കാവുന്നതുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ, നിലവിലെ ഉപയോഗ ക്രമം എന്നിവ രേഖപ്പെടുത്തി വാടക രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതതയിലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ വാടകക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് അധീനതയിലുള്ള പഴയകട വാർഡിലെ വിവിധ ഷോപ്പിംഗ്കോംപ്ളക്സിലെ ആകെ കടമുറികളുടെ എണ്ണം, അതിൽ ഒഴിഞ്ഞുകിടക്കുന്നവ,വാടകയ്ക്ക് പോകാത്തതിനുള്ള കാരണം,എന്നിവ ധനകാര്യ സ്റ്റാൻഡിംഗ്കമ്മിറ്റി ചർച്ച ചെയ്ത് യുക്തമായ തീരുമാനം കൈകൊള്ളേണ്ടതാണ്. പഞ്ചായത്തിൻറ തനതുവരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ധനകാര്യ സ്റ്റാൻഡിംഗ്കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി -വരവ് പൂർണമല്ല

1996-ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ കമ്പനികളിൽ നിന്നും വ്യക്തികളിൽ നിന്നും സെക്രട്ടറിക്ക് തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തൊഴിൽ സ്ഥാപനത്തിന്റെ ഉടമയോട് സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ്,

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ എന്നിവ ആവശ്യപ്പെടാവുന്നതും, ചട്ടം 18 പ്രകാരം ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാവുന്നതുമാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

എ) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| മുല്ലൂർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | I & II |
| അഗ്രി കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി | I & II |
| സർവ്വീസ് സഹകരണ ബാങ്ക്, തിരുപുറം | I &II |
| തിരുപുറം ഫാർമേഴ്സ് വെൽഫെയർ സൊസൈറ്റി | I & II |

ബി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| മുല്ലൂർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | I & II(11.4.19 ൽ നോട്ടീസ് കൊടുത്തു) |
| അഗ്രി കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി | I & II(11.4.19 ൽ നോട്ടീസ് കൊടുത്തു) |
| ക്ഷീര സംഘം കഞ്ചാം പഴിഞ്ഞി, പുത്തൻകട, കുമിളി | I & II |

ഇതിൽ മാവേലിസ്റ്റോർ പഴയകട, മുല്ലൂർ കോ ഓപ്പറേറ്റീവ് സൊസൈറ്റി, അഗ്രി കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി 11.4.2019-ൽ ഡിമാൻഡ് നോട്ടീസ് നൽകിയെങ്കിലും നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കിയിട്ടില്ല.

(സി) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന്

എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. 2018-19 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12-ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും സ്ഥാപന തൊഴിൽ നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടലുകൾ അനിവാര്യമാണ്.

# 1-14 ലൈസൻസ് - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി 2018-19 ൽ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല . 2017-18 ൽ 134 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൻ വർഷം 103 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

A) ഗ്രാമപഞ്ചായത്തിലെ റേഷൻകടകൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

22.01.2018-ലെ (സി.എസ്.)എ9-764/2019 ഉത്തരവ് പ്രകാരം റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലായെന്നു അറിയിച്ചിട്ടുണ്ട്.ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ,ലൈസൻസ് ഫീ എന്നിവ ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12 ന് ലഭ്യമാക്കിയ മറുപടി പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

റേഷൻകടകൾക്ക് ലൈസൻസ് ഉറപ്പാക്കേണ്ടതും റേഷൻകട ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

B) <u>ലൈസൻസില്ലാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു- തുടർനടപടി സ്വീകരിക്കേണ്ടതാണ്.</u>

എസ്.വി. ഫ്യൂവൽസ് മനവേലി എന്ന പെട്രോൾ പമ്പ് `വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങൾക്കും` നൽകുന്ന ലൈസൻസ് എടുത്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 12 ന് ലഭ്യമാക്കിയ മറുപടി പ്രകാരം 03.05.2019-ലെ 119070100237 നമ്പർ രസീത് പ്രകാരം ലൈസൻസ് എടുത്തതായി അറിയിച്ചിട്ടുണ്ടെങ്കിലും രസീതിന്റെ പകർപ്പ് ഉള്ളടക്കം

ചെയ്തിട്ടില്ലാത്തതിനാൽ അതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

C) <u>ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.</u>

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല. ഗ്രാമ പഞ്ചായത്തിൽ മുള്ളുവേലി, പഴയകട എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ച് വരുന്ന ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ` വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങൾക്കും` ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിന്റെ അടിസ്ഥാനത്തിൽ വാണിജ്യാടിസ്ഥാനത്തിൽ നൽകിയ കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ വാർഡ് തിരിച്ച ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാവുന്നതും ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉറപ്പാക്കാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പൊതുഭരണം ധനകാര്യം വർക്കിംഗ് ഗ്രൂപ്പും ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-15 ഒരേ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗ ക്രമത്തിലുള്ളതുമായ 100 m2 ന് മുകളിലുള്ള കെട്ടിടത്തെ 100 m2 താഴെയുള്ള കെട്ടിട ഭാഗമാക്കി വ്യത്യസ്ത നമ്പർ നൽകി- വരുമാനത്തിൽ കുറവ് സംഭവിക്കാൻ സാദ്ധ്യത

2011-ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും ഈ വിഷയം വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ, സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീ.അംബിലാൽ എന്ന വ്യക്തിയുടെ 10/22.22A,B,C,D,E,F,G, H,J,K,L,M നമ്പറുകൾ നൽകിയ കെട്ടിട ഭാഗങ്ങളെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഹോട്ടൽ , ഗോഡൗൺ" എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. എന്നാൽ കെട്ടിടത്തെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഹോട്ടൽ , ഗോഡൗൺ" എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി

കണക്കാക്കേണ്ടിയിരുന്നത് (ഫോം 6) .കൂടാതെ ഒരേ ഉടമസ്ഥന്റെ കെട്ടിടത്തിന് റൂമുകൾ തിരിച്ചാണ് കെട്ടിട നമ്പർ രേഖപ്പെടുത്തി നികുതി കണക്കാക്കിയിരിക്കുന്നത് . ഇതുകാരണം പഞ്ചായത്തിന് തനതുവരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുന്നു.

മേൽ പരാമർശിച്ച പ്രകാരം തെറ്റായ കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതി അസസ് ചെയ്തിരിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെ വിവരം പരിശോധിച്ച് നികുതി പുനർ നിർണയിക്കേണ്ടതാണ്.

കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് ഒക്യുപൻസി വിവരങ്ങൾ ചേർക്കുന്നില്ല. ഇത് കാരണം പെർമിറ്റ് കാലാവധി കഴിഞ്ഞതും പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിക്കാത്തതും പെർമിറ്റ് പുതുക്കാത്തതുമായ കെട്ടിടങ്ങളെ കണ്ടെത്തി നടപടികളെടുക്കുന്നതിന് സ്ഥാപനത്തിന് സാധിക്കുന്നില്ല. പഞ്ചായത്തിന്റെ അറിവോ അനുമതിയോ ഇല്ലാതെ കെട്ടിടനിർമാണം പൂർത്തീകരിച്ച് നമ്പറിംഗിനുവേണ്ടി ഉടമകൾ അപേക്ഷ ലഭ്യമാക്കുന്ന സമയത്ത് കെട്ടിട നിർമാണം ക്രമവൽക്കരിച്ച് നൽകുന്ന രീതിയും വ്യാപകമാണ്. ക്രമവൽക്കരണത്തിനായി ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണം ലഭ്യമാക്കുകയോ 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 137 (3) പ്രകാരം ക്രമവത്കരണത്തിന് രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചട്ടം 138-ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ടപ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട്.

പെർമിറ്റില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഫീൽഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിപാലനം ഉറപ്പ് വരുത്തേണ്ടതുമാണ്. അനധികൃത നിർമ്മാണങ്ങൾ നിയമാനുസൃതം ക്രമപ്പെടുത്തി നൽകുകയോ, പൊളിച്ച് മാറ്റുകയോ ചെയ്യേണ്ടതാണ്. പെർമിറ്റ് രജിസ്റ്റർ പൂർണമായ രീതിയിൽ പരിപാലിക്കേണ്ടതാണ്. മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തി, പെർമിറ്റുകൾ കെട്ടിട നിർമ്മാണ പൂർത്തീകരണം/ നികുതി അസ്സ്മെന്റ് വരെ നിരീക്ഷിക്കേണ്ടതാണ്. കാല പരിധി പിന്നിട്ട പെർമിറ്റുകളുടെ തൽസ്ഥിതി പരിശോധിക്കുന്നതിന് ഫീൽഡ്തല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടി കൾ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ലേലം-തുക ഈടാക്കിയിട്ടില്ല

ലേല ഡയറി പ്രകാരം കള്ളാക്കുളം, കാവുംകുളം എന്നീ കുളങ്ങൾ താഴെ പറയും പ്രകാരം ലേലത്തിൽ നൽകിയിട്ടുണ്ട്.

| ലേലം ഇനം | ലേലം തീയതി | നിരതദ്രവ്യം | ലേലത്തിൽ പങ്കെടുത്തവരുടെ എണ്ണം | ലേലം പിടിച്ച വ്യക്തി | ലേല തുക |
|---|---|---|---|---|---|
| കള്ളാക്കുളം | 9.7.18 | 5000 | 2 | ഷിബിൻ | 10000 |
| കാവുംകുളം | 12.4.18 | 1000 | 4 | പ്രവീൺ | 3100 |

ഇപ്രകാരം ലേല തുക ഈടാക്കിയതിന്റെ വിവരങ്ങൾ, രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കുളങ്ങളുടെ ലേലം ഇനത്തിൽ 30000/- രൂപ വരവുള്ളതായും 6740/- രൂപ ലേലം സ്ഥിരപ്പെടുത്താത്തതിനാൽ തിരികെ നൽകിയതായും ഓഡിറ്റ് എൻക്വയറി 19-നുള്ള മറുപടിയിൽ അറിയിച്ചുവെങ്കിലും, ഓഡിറ്റിന് ശേഷം ലഭ്യമാക്കിയ പ്രസ്തുത മറുപടിയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. രജിസ്റ്ററിൽ വ്യക്തമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും കുളങ്ങളുടെ ലേലം ഇനത്തിൽ ലഭിച്ച തുകയുടെ വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കേണ്ടതുമാണ്. ഡെപ്പോസിറ്റ് പ്രകാരമുള്ള ലേലത്തിന്റെ നിരരതദ്രവ്യം തുക തിരികെ നൽകിയിട്ടില്ല. കുളങ്ങളുടെ ലേലത്തിൽ ലഭിക്കാനുള്ള തുകയുടെ വിവരങ്ങളിൽ കൃത്യത വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ലേലതുക ഈടാക്കാത്തത് ഭരണതല വീഴ്ചയാണ്, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം നിരത ദ്രവ്യമായി ഈടാക്കിയ തുക തിരിക നൽകിയിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-17 ബിൽഡിംഗ് പെർമിറ്റ് - അപാകങ്ങൾ

ബിൽഡിംഗ് പെർമിറ്റ് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടു.

1. പെർമിറ്റ് നമ്പർ : എ3-ബിഎ(17090)/2019 – 12.12.2018 (ഷാജി.എസ്.എസ് )

- ആവശ്യമായ ശുചിത്വ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല
- നിർബന്ധമായും ഉണ്ടായിരിക്കേണ്ട തുറസ്സായ സ്ഥലത്തിന്റെ 50%ൽ കൂടുതൽ സ്ഥലം പാർക്കിങ്ങിനായി ഉപയോഗിച്ചു.
- ലോഡിങ്/ അൺലോഡിങ്ങിനായി സ്ഥലം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.
- ടോയ്‌ലറ്റ് - അളവുകൾ പ്ലാനിൽ കാണിച്ചിട്ടില്ല.

- റാമ്പ്, ഭിന്ന ശേഷിക്കാർക്കായിട്ടുള്ള പാർക്കിംഗ് എന്നിവ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല
- ഇരുചക്ര വാഹന പാർക്കിംഗ് പ്ലാനിൽ കാണിച്ചിട്ടില്ല.

2. പെർമിറ്റ് നമ്പർ : എ 3 - ബിഎ (295345)/2018 ( സുരേഷ് ബാബു)

- കെട്ടിട പെർമിറ്റ് നൽകിയിരിക്കുന്നത് ജി 1 കൈവശ ഗണത്തിൽ ആണെങ്കിലും F കൈവശ ഗണമായി കണക്കാക്കി നമ്പറിങ് അനുവദിച്ചു.

3. പെർമിറ്റ് നമ്പർ : എ 3 – ബിഎ(22613) – 12.12.2018 (ഷാജി.എം.കെ)

- ആവശ്യമായ ശുചിത്വ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
- ഭിന്ന ശേഷിക്കാർക്കായിട്ടുള്ള പാർക്കിംഗ് എന്നിവ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല.
- അഗ്നി ശമന സംവിധാനങ്ങൾ സംബന്ധിച്ച സത്യവാങ്മൂലം വാങ്ങിയിട്ടില്ല.
- സെപ്റ്റിക് ടാങ്കിനു 7.5മീറ്റർ ചുറ്റളവിൽ കിണർ ഇല്ല എന്ന് പ്ലാനിൽ കാണിച്ചിട്ടില്ല.
- നിർബന്ധമായും ഉണ്ടായിരിക്കേണ്ട തുറസ്സായ സ്ഥലത്തിന്റെ 50% ൽ കൂടുതൽ സ്ഥലം പാർക്കിങ്ങിനായി ഉപയോഗിച്ചു.

4. പെർമിറ്റ് നമ്പർ : എ 3 - ബിഎ (67337)/ 2019 – 25.01.2019 ( അജീഷ്. ആർ)

- ഭിന്ന ശേഷിക്കാർക്കായിട്ടുള്ള പാർക്കിംഗ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല.
- സെപ്റ്റിക് ടാങ്കിനു 7.5മീറ്റർ ചുറ്റളവിൽ കിണർ ഇല്ല എന്ന് പ്ലാനിൽ കാണിച്ചിട്ടില്ല.
- അഗ്നി ശമന സംവിധാനങ്ങൾ സംബന്ധിച്ച സത്യവാങ്മൂലം വാങ്ങിയിട്ടില്ല.
- തെരുവിന്റെ മധ്യത്തിൽ നിന്നും കെട്ടിടത്തിലേക്ക് കുറഞ്ഞത് 4.5മീറ്റർ വേണമെന്ന നിബന്ധന പാലിച്ചില്ല.

5. ഫയൽ നമ്പർ : എ 3 – 6166/2016 (അയൻ രാജ് )

- സെപ്റ്റിക് ടാങ്കിനു 7.5മീറ്റർ ചുറ്റളവിൽ കിണർ ഇല്ല എന്ന് കാണിച്ചിട്ടില്ല.
- ആവശ്യമായ ശുചിത്വ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.
- വാട്ടർ ട്രീറ്റ്മെന്റ്, മലിന ജല പുനരുപയോഗ സംവിധാനം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
- ചട്ട പ്രകാരം ജി 1 കൈവശ ഗണത്തിൽപ്പെട്ട കെട്ടിടത്തിന് ചുറ്റും 3മീറ്റർ തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഈ നിബന്ധന ഇവിടെ പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച എൻക്വയറിക്ക് (23/28.01.2020) മറുപടി ലഭിച്ചില്ല. ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-18 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1. വൗച്ചർ നമ്പർ : 21800033 തീയതി : 16.04.2018 തുക : 72726 പഞ്ചായത്തിന്റെ കീഴിലെ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം എന്നുള്ള സർക്കുല – 65529/DC3/12, തീയതി 12.03.2018 നിലനിൽക്കെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതെ വൈദ്യുതി ചാർജ് അടവാക്കിയിട്ടുണ്ട്. ആയതിനാൽ എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. വൗച്ചർ നമ്പർ : 21800192തീയതി : 07.06.2018 തുക : 140000 മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ട 140000രൂപ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച തുക 140000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 2/23.01.2020). രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3. വൗച്ചർ നമ്പർ : 21800534 തീയതി : 24.09.2018 തുക : 8000 പഞ്ചായത്തിലെ അപകടകരമായ മരങ്ങൾ മുറിച്ച് മാറ്റിയതിനു 8000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുറിച്ച് മാറ്റിയ മരങ്ങളുടെ വാല്യവേഷൻ, ലേലം സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കിയില്ല. ആയതിനാൽ ഇതിനായി ചെലവഴിച്ച തുക 8000/- രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 2/23.01.2020). രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

4. വൗച്ചർ നമ്പർ : 21801094 തീയതി : 26.03.2019 തുക : 12800 എം.എൻ.ആർ.ഇ.ജി.എസ് ഓഫീസിലേക്കായി Canon LBP പ്രിന്റർ വാങ്ങിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (US) 24/2017/ITD – 18.11.2017, സർക്കാർ ഉത്തരവ് (സാധാ) 25/18/ITD – 01.02.2018) CPRCS എന്ന വെബ്സൈറ്റിൽ നിന്നാണ് വാങ്ങേണ്ടിയിരുന്നത്. എന്നാൽ ക്വട്ടേഷൻ പ്രകാരമാണ് വാങ്ങിയത്. സർക്കാർ ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. വൗച്ചർ നമ്പർ : 21800050 തീയതി : 17.04.2018 തുക : 4900 അനൗൺസ്മെന്റിനായി വാഹനം വാടകക്ക് എടുത്ത വകയിൽ 2500/-രൂപ ചെലവഴിച്ചിട്ടുണ്ട്. വൗച്ചർ പ്രകാരം KL-19G-6906എന്ന വാഹനമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ഈ വാഹനം മോട്ടോർ സൈക്കിൾ വിഭാഗത്തിൽ പെടുന്നതാണ്. ആയതിനാൽ വാഹന വാടക ഇനത്തിൽ ചെലവഴിച്ച 2500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

6. വൗച്ചർ നമ്പർ : 21800576 തീയതി : 08.10.2018 തുക : 10000 വാക്സിൻ വിതരണം നടത്തുന്നതിനായി KL-01-R-9036എന്ന വാഹനം വാടകക്ക് എടുത്ത വകയിൽ 2400/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഹാജരാക്കിയ ട്രിപ്പ് ഷീറ്റ് പ്രകാരം മേല്പറഞ്ഞ വാഹനം നോൺ ട്രാൻസ്പോർട് വിഭാഗത്തിൽപ്പെടുന്നതാണ്. ആയതിനാൽ ഇതിനായി ചെലവഴിച്ച 2400/-രൂപയുടെ ചെലവ് തുക നിരാകരിക്കുന്നു.

# 1-19 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട്, ഫൈനൽ ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി നമ്പർ | അടങ്കൽ, ചെലവഴിച്ച തുക | ബിൽ നമ്പർ / തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 57/2019 | 100000 | 97/27.02.2019 | KWA |
| 2 | 64/2019 | 499907 | 33/11.09.2018 | KSEB |
| 3 | 135/2019 | 742925 | 46/15.10.2018 | " |
| 4 | 55/2019 | 77502, 99120, 532021, 352238, 123906, 215151 | 47/15.10.2018, 67/27.11.2018, 74/7.12.2018, 92/3.02.2019, 83/05.1.2019 | " |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/17.01.2020) മറുപടി ലഭിച്ചില്ല. മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-20 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല,-350000/-രുപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | കന്നുകുട്ടി പരിപാലനം (ജനറൽ) |
| പദ്ധതിയുടെ നം | S0062/19 |
| പദ്ധതി അടങ്കൽ | 1400000/- |

| | |
|---|---|
| | (വികസന ഫണ്ട് - 350000/-<br>സംസ്ഥാനവിഷ്കൃത ഫണ്ട് – 350000/-<br>മറ്റുള്ളവ – 700000/-) |
| പദ്ധതി ചെലവ്- | 350000/- |
| ബിൽനം | 5/18-19. തിയതി-1-11-18. 150000/-<br>8/18-19. തിയതി-31-1-19. 100000/-<br>11/18-19. തിയതി-23-3-19. 100000/- |
| നിർവഹണോദ്ധ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാൻ വേണ്ടി നടപ്പിലാക്കിയ പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലനം. 56 ഗുണഭോക്താക്കൾക്ക് 6250/- രൂപ ക്രമത്തിൽ വികസന ഫണ്ടിൽ നിന്നും 350000/-രൂപ പിൻവലിച്ച് തിരുവനന്തപുരം S.L.B.P ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുകയും ചെയ്തു. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ഇക്കാരണത്താൽ പദ്ധതിക്കായി ചെലവഴിച്ച 350000/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

# 1-21 റോഡ് റീസ്റ്റോറേഷൻ ചാർജ് - പണി പൂർത്തിയാക്കിയിട്ടില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രൊജക്റ്റ് നമ്പർ : 185

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : വികസനഫണ്ട് 39955/-

ബിൽ നമ്പർ / തീയതി : 101/27.02.2019 തുക : 39955

ആയതിനാൽ റോഡ് റീസ്റ്റോറേഷൻ ചാർജ് ഇനത്തിൽ അടവാക്കിയ തുക ഒരു വർഷമായി നിഷ്ക്രിയമായി PWDയുടെ കയ്യിൽ സൂക്ഷിച്ചിരിക്കുകയാണ്. ഓട നിർമാണം പൂർത്തിയാക്കി റോഡ് റീസ്റ്റോർ ചെയ്തു വിവരം അറിയിക്കേണ്ടതാണ്. മേല്പറഞ്ഞ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അടവാക്കിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 39955/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റീസ്റ്റോറേഷൻ വിവരങ്ങൾ ലഭ്യമാക്കിയോ / തുക തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയോ തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

# 1-22 എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും

# ഉൾപ്പെടുത്താതെ പ്രവൃത്തി ചെയ്തു-തുക നിരാകരിക്കുന്നു.

എ. ഇ നിർവഹണം നടത്തിയ സിറ്ററം കലുങ്ക് നടമുതൽ കാവുകുളം വരെ.

സൈഡ് വാൾ നിർമ്മാണം എന്ന സ്പിൽഓവർ പ്രോജക്റ്റിന്റെ (139/18),120/19 എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടാത്ത ബേം കോൺക്രീറ്റിംഗിനായി പ്രവർത്തിയിലുൾപ്പെടുത്തി തുക നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. (വിശദാംശം ഖണ്ഡിക 3-1 കാണുക).

# 1-23 ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ പ്രവൃത്തികൾ -195811/- രൂപ തടസ്സം ചെയ്യുന്നു.

ജി.ഒ.(എം.എസ്)10/2017തീയതി.09.01.17 ൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾ ചെലുത്തേണ്ട ചുമതലകളെപ്പറ്റി വിശദീകരിക്കുന്നുണ്ട്. സർക്കുലർ നം1/1559/2010/സി.ഇ/ത.സ്വ.ഭ.വ/തീയതി 13.11.2014 പ്രകാരം ഗുണഭോക്തൃ സമിതി നിർവഹണം നടത്തുന്ന പദ്ധതികൾക്ക് നൽകേണ്ട തുക സമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ കരാർ പ്രകാരമുള്ള ബിൽ തുകയോ ഇതിൽ ഏതാണോ കുറവ് അതായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃ സമിതി നിർവഹണം നടത്തിയ ചുവടെ പറയുന്ന മരാമത്ത് പദ്ധതികൾക്ക് സമിതി വരവ് ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

| സീ.നം | പദ്ധതിയുടെ വിവരം | എം.ബുക്ക് പ്രകാരം അനുവദിച്ച തുക | അപാകതകൾ |
|---|---|---|---|
| 1 | പദ്ധതി-<br>കരിംമ്പാല നടപ്പാത കോൺക്രീറ്റിംഗ്-വാർഡ് 7 (35/19)<br>അടങ്കൽ-49900/-<br>കൺവീനർ-ശ്രീമതി ഷിനി.<br>എം ബുക്ക് നം-4/18-19 | 48954/-<br>ബിൽ നം.20/18-19<br>തിയതി 28/07/18 | തൊഴിലാളികളെനിയോഗിച്ചതിന്റെ മസ്റ്റർറോൾ, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ, വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവു രേഖകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല. |
| 2 | പദ്ധതി-കാലുമുഖം മെലെത്തോട്ടം | 48929/-ബിൽ നം.16/18-19 | തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ |

| | | | |
|---|---|---|---|
| | റോഡ്കോൺക്രീറ്റിംഗ്-വാർഡ്7(43/19)<br>അടങ്കൽ-49000/-<br>കൺവീനർ-ശ്രീ .വിശ്വനാഥൻ<br>എം ബുക്ക് നം-5/18-19 | തിയതി 28/07/18 | വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല. |
| 3 | പദ്ധതി-കരുവാറ്റുലമുട്ടംമ്പിൽ നടപ്പാത കോൺക്രീറ്റിംഗ് (42/19)<br>അടങ്കൽ-49900/-<br>കൺവീനർ-ശ്രീമതി.ദീപ്തി.എസ്<br>എം ബുക്ക് നം-1/18-19 | 48990/-ബിൽ നം.17/18-19തിയതി.28/07/18 | തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ,മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ചെലവ് രേഖകൾ ഗുണഭോക്തൃ സമിതിഅംഗീകരിച്ചിട്ടില്ല. |
| 4 | പദ്ധതിപാണ്ഡവൻ പാറ നടപ്പാത കോൺക്രീറ്റിംഗ് (40/19)അടങ്കൽ-49900/-<br>കൺവീനർ-ശ്രീമതി.ദീപ്തി.എസ്<br>എം ബുക്ക് നം-2/18-19 | 48938/-ബിൽ നം.18/18-19തിയതി.28/07/18 | തൊഴിലാളികളെ നിയോഗിച്ചതിന്റെ മസ്റ്റർ റോൾ, മെറ്റീരിയൽസ് വാങ്ങിയതിന്റെ ബിൽ വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ചെലവ് രേഖകൾ ഗുണഭോക്തൃ സമിതിഅംഗീകരിച്ചിട്ടില്ല |

മേൽ സൂചിപ്പിച്ച അപാകതകൾ ഓഡിറ്റ് എൻക്വയറി നം.17 തീയതി 27/01/19 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തി. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും മസ്റ്റർ റോളും ബില്ലുകളും വാങ്ങി സൂക്ഷിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. മുകളിൽ പറഞ്ഞ സർക്കുലറിന് വിരുദ്ധമായാണ് ഈ പ്രോജക്ടുകൾ നടപ്പിലാക്കിയത്. ചെലവരേഖകളുടെ അഭാവത്താൽ ഗുണഭോക്തൃസമിതി നിർവഹണം നടത്തിയ പ്രോജ്ടുകളിലെ 195811/- രൂപ തടസ്സം ചെയ്യുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് ഒരു ഘട്ടത്തിലും ഫലപ്രദമല്ല. പൊതു മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ

പ്രവർത്തനം കാര്യക്ഷമമാകേണ്ടതും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതുമാണ്.

# 1-24 മരാമത്ത് പ്രോജക്ടുകൾ-പ്രോജക്ടുനടത്തിപ്പിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

(a) സ്പിൽ ഓവർ പ്രോജക്ടുകൾ – നടപ്പാലാക്കുന്നതിൽ കാലതാമസം.

2018-19 സാമ്പത്തിക വർഷം 89 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ 53 പ്രവൃത്തികൾ നടപ്പാക്കിയില്ല. അവയിൽ സ്പിൽ ഓവർ പ്രവൃത്തികളുമുണ്ട്. ജി.ഒ.(എം.എസ്) നമ്പർ 72/2017/ തസ്വഭവ തീയതി 29-03-2017 മാർഗരേഖ ഖണ്ഡിക 6.8(2)ൽ സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ അതേ വർഷംതന്നെ നിർബന്ധമായും പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചുവടെപ്പറയുന്നസ്പിൽ ഓവർ പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയില്ല.

| ക്രമ നമ്പർ/ പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | അടങ്കൽ / ഫണ്ടിനം |
|---|---|---|
| 1. 128/18-19 | പുല്ലംഗൽ മുതൽ പുത്തൻകട ചാനൽക്കര കിഴക്കുംകര സൈഡ്‌വാൾ നിർമ്മാണവും കോൺക്രീറ്റിംഗും . | 402358/- (മെയിന്റനൻസ് ഫണ്ട് (റോഡ്) |
| 2. 129/18-19 | IRDF അംഗൻവാടി 39-ന് കെട്ടിടനിർമ്മാണം. | 688000/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| 3 130/18-19 | IRDF അംഗൻവാടി 32-ന് കെട്ടിടനിർമ്മാണം. | 688000/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| 4 131/18-19 | അഗ്രോ സർവീസ് സെൻറർ വൈദ്യുതീകരണം. | 5000/- വികസനഫണ്ട് 18000/-(മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് |
| 5. 132/18-19 | 33-ാം അംഗനവാടി കെട്ടിട ടോയ്‌ലറ്റ് നിർമാണം | 30000/- (മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് |
| 6. 134/18-19 | അംഗൻവാടി 44-ന് കെട്ടിട നിർമ്മാണം. | 100000/- വികസനഫണ്ട് |
| 7. 91/18-19 | കുറുമണൽ ബണ്ട് മുതൽ കള്ളാകുളം വരെ ഓട നിർമ്മാണവുംപൈപ്പ്ലൈൻ സ്ഥാപിക്കലും | 817768/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 8. 90/18-19 | പെരുമാശ്ശേരിമുതൽ 47- നമ്പർ അംഗൻവാടി വരെ പൈപ്പ് കണക്ഷനും മെയിൻറനൻസും | 100000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

ക്രമ നമ്പർ 1,4 എന്നിവയിലെ പ്രവൃത്തികൾ 19-20 സാമ്പത്തിക വർഷം സ്പിൽ ഓവറായി പൂർത്തീകരിച്ചതായി വിശദീകരിച്ചിട്ടുണ്ട് ( ഓഡിറ്റ് എൻക്വയറി നമ്പർ 11/24.01.2020ന്റെ മറുപടി). ക്രമ നമ്പർ 8ലെ പ്രവൃത്തിയിൽ സ്ഥല തർക്കം മൂലം ടെൻഡർ ക്ഷണിച്ച്എഗ്രിമെൻറ് വച്ചെങ്കിലും നാളിതുവരെ പണി

തുടങ്ങിയിട്ടില്ലായെന്നും ക്രമ നമ്പർ 7 പ്രവൃത്തിക്കായി 19-20 കാലയളവിൽ പാർട്ട് ബിൽ നല്കിയതായും അറിയിച്ചിട്ടുണ്ട്. പെരുമാറ്റ ചട്ടവും ട്രഷറി നിയന്ത്രണവുമാണ് മറ്റുള്ള പ്രവൃത്തികൾ നടപ്പാക്കാഞ്ഞതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് .

(b) <u>വകയിരുത്തുന്ന ഫണ്ട്, പൂർണമായും ചെലവഴിക്കുന്നില്ല.</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം വാങ്ങിയ പ്രോജക്ടുകളുടെ ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് – ജനറൽ | 1339530 | 574390 | 43% |
| വികസനഫണ്ട്-SCP | 273800 | – | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 5798719 | 1981804 | 34% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1376000 | – | 0 |
| തനത്ഫണ്ട് | – | – | – |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 10034571 | 6046000 | 60% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 148000 | – | 0 |
| ആകെ | 18970620 | 8602194 | 45% |

വകയിരുത്തുന്ന ഫണ്ടുകളുടെ പൂർണവും ഫലപ്രദവുമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-25 പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം പ്രോജക്ടുകൾ റിവൈസ് ചെയ്യുന്നു.

പ്രോജക്ട് നം 120/19 സിറ്ററം കലുങ്ക് നട മുതൽ കാവകുളം വരെ സൈഡ്‌വാൾ നിർമ്മാണം – എസ്റ്റിമേറ്റ് തുക -265000/-.

പ്രസ്തുത പ്രവൃത്തിയുടെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തീകരിച്ച് 5.6.2018-ൽ ചെക്ക് മെഷർ ചെയ്തതായി കാണുന്നു. എന്നാൽ 05.06.2018- ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(9)-ാം നമ്പർ തീരുമാനപ്രകാരമാണ് അടങ്കൽ തുകയിൽ അധികമാകാതെ പ്രവൃത്തി റിവൈസ് ചെയ്യുന്നതിന് അനുമതി നൽകി അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തിയത്. പ്രവൃത്തി പൂർത്തീകരിച്ചശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മരാമത്ത് ചട്ടങ്ങളുടെ ലംഘനമാണ്. കേരള പൊതുമരാമത്ത് വകുപ്പ്

മാന്വൽ സെക്ഷൻ 16.01.1.6 പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ മരാമത്ത് പൂർത്തീകരണം വരെ കാത്തിരിക്കേണ്ടതില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കാൻ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല - നഷ്ടം.

18.08.2018-ലെ ത.സ്വ.ഭ.വകുപ്പിന്റെ നം.എ.സി2/223/2015-ലെ സർക്കുലറിൽ കരാർ കാലാവധി ലംഘനമുണ്ടായാൽ നിലവിലുള്ള ചട്ടപ്രകാരം സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ ചേർത്തിട്ടുണ്ട് ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നം | ബിൽനം | എഗ്രീഡ് പി.എ.സി. | കോൺട്രാക്ടർ- | സ്ഥലം കൈമാറിയ തീയതി, കാലാവധി | പണി പൂർത്തീകരി ക്കേണ്ട തീയതി | പണി പൂർത്തീ കരിച്ച തീയതി | ഈടാ ക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| 149/19ആറുംമ്ളാവ്-വലിയവിള റോഡ്സെക്കൻഡ് മെറ്റലിംഗ്. | 14/16.6.18 എംബുക്ക് 427/17 | 366259/ | ശ്രീ.കനരാജ് | 12/09/18 3months | 12/12/18 | 20/02/2019 | 3662/ |

കരാർ കാലാവധി തീരുന്നതിനു മുമ്പ് സപ്ളിമെൻററി കരാർ വച്ചിട്ടില്ല. കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി മാറുന്നതാണ്.

## 1-27 ലാപ്പ്ടോപ്പ് വിതരണം-മാർഗ്ഗരേഖ വ്യതിചലിച്ച് ഗുണഭോക്താൾക്ക് നൽകി.

| പദ്ധതിയുടെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
|---|---|

| | |
|---|---|
| | വിതരണം |
| പദ്ധതിയുടെ നം | S0072/19 |
| പദ്ധതി അടങ്കൽ | 180000/-<br><br>(വികസനഫണ്ട് - എസ്.സി.പി) |
| പദ്ധതി ചെലവ്- | 147300/- |
| ബിൽ നം. | 53/19. തിയതി-26-3-19. 147300/- |
| നിർവഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ |

സ.ഉ(കൈ)നം22/18/തസ്വഭവ.14-02-2018 നം സബ്സിഡി മാർഗരേഖ 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തരബിരുദം, പോളിടെക്ക്നിക്ക് (ഡിപ്ലോമ), എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) ചാർട്ടേഡ് അക്കൗണ്ടൻറ്, ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയസ്ഥാപനങ്ങളിൽപഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിൻെറ അടിസ്ഥാനത്തിൽ 30000/-രൂപയിൽ അധികരിക്കാത്ത ലാപ്ടോപ്പ് അനുവദനീയമാണ്. പദ്ധതി പ്രകാരം 6 വിദ്യാർത്ഥികൾക്ക് ജി.എസ്.റ്റി ഉൾപ്പെടെ 24550/-രൂപ വീതം വിലയുള്ള ലാപ്ടോപ്പ് നൽകി. ആനുകൂല്യം ലഭിച്ചവരിൽ 3 വിദ്യാർത്ഥികളുടെ അപേക്ഷകളിൽ അവരു പഠിക്കുന്ന കോഴ്സകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | വാർഡ് നം | പഠിച്ചകോഴ്സ് |
|---|---|---|---|
| 1 | രാഹുൽ.പി.ശശി. | 4 | I.T.I.(Mechanic Auto Body painting) |
| 2 | അനുമോൾ | 5 | COPA-one year course |
| 3 | അനന്തു | 4 | Fiter-trade(ITI) |

ഇത്തരം കോഴ്സകൾ മാർഗ്ഗരേഖയിൽ ഉൾപ്പെട്ടവയല്ല.

2018-19-ലെ പഞ്ചായത്ത് ഗുണഭോക്തൃലിസ്റ്റിൽ ആകെ 17ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട് . ലാപ്പ്ടോപ്പ് ലഭ്യമായ 3 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ എല്ലാ അപേക്ഷകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മറ്റ് വിദ്യാർത്ഥികളുടെ യോഗ്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം.4/23.01.2020-ന് ലഭിച്ച മറുപടിയിൽ മറ്റ് ഗുണഭോക്താക്കൾക്ക് മേൽ വിവരിച്ചവരുടെ യോഗ്യതയെക്കാൾ കുറവ് ആണെന്ന് അറിയിച്ചു. പദ്ധതി നടത്തിപ്പിൽ സബ്സിഡി നിബന്ധനകൾ കർശനമായി പാലിക്കാൻ നിർവഹണോദ്യാഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്താതെ പ്രവൃത്തി ചെയ്തു-തുക നിരാകരിക്കുന്നു

എ.ഇ നിർവഹണം നടത്തിയ സിറ്ററം കലുങ്ക് നടമുതൽ കാവുകുളം വരെ സൈഡ്വാൾ നിർമ്മാണം എന്ന സ്പിൽഓവർ പ്രോജക്ടിന്റെ 120/19 എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടാത്ത ഇനമായ ബേം കോൺക്രീറ്റിംഗിനായി പ്രവർത്തിയിലുൾപ്പെടുത്തി തുക നല്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

അടങ്കൽ -265000/

m book no 619/17-18

ബിൽ നം.15/18-19 208555/ dtd26-06-2018

page 11ofMbook providing concretein open foundation M10(1)

nominalmix 1:3:6 berm concrete-1.695(0.85+0.15+0.695)@6879/=11659/

page 13 of mbook providing concreteM20(1)

nominalmix 1:2:4 berm concrete-0.847(0.44+0.075+0.332)@8284.07=7016

ബേം കോൺക്രീറ്റിംഗിനായി തുക നല്കിയതുമായി ബന്ധപ്പെട്ട് നല്കിയഎൻക്വയറി നം.28 -ന് മറുപടി ലഭ്യമല്ല. സ്ഥലപരിശോധനയിലും ബേം കോൺക്രീറ്റിംഗിന്റെ അനിവാര്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 18675/- രൂപ നിരാകരിക്കുന്നു.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 27.05.2019-28.05.2019 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/974/2019/3.7.2019 |

## 4-2 സംയുക്ത പ്രൊജെക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്2018-19 | | 280000 | ഹരിത ഭവനം | 280000 | |
| | | 153000 | കേദാരം | 153000 | |
| | | 185250 | സ്നേഹ സ്പർശം | 185250 | |
| | | 425000 | ക്ഷീര സമൃദ്ധി | 425000 | |
| | | 19440 | ജലശ്രീ | 19440 | |
| | | 987520 | ലൈഫ് | 987520 | |
| | | 37253 | ലൈഫ് എസ് സി | 37253 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 2400 | ജലശ്രീ - എസ് സി | 2400 | |
| ബ്ലോക്ക് പഞ്ചായത്ത് 2018-19 | | 12960 | ജലശ്രീ | 12960 | |
| | | 185250 | സ്നേഹ സ്പർശം | 185250 | |
| | | 500000 | ക്ഷീര സമൃദ്ധി | 500000 | |
| | | 1600 | ജലശ്രീ - എസ് സി | 1600 | |
| | | 767090 | ലൈഫ് | 767090 | |
| | 51000 | | സമഗ്ര നെൽകൃഷി | 51000 | |
| | | 87500 | കേദാരം | 87500 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 55/2019 | 1399938 | | 1399938 |
| " | 135/2019 | 742925 | | 742925 |
| KWA | 57/2019 | 100000 | | 100000 |
| | 151/18 | 503000 | | 503000 |
| KSEB | 64/19 | 499907 | | 499907 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| EMS | GO(Rt) 478/2010/lsgd/11.02.2010 | 3593500 | 731673 | 731673 | - |
| KURDFC | GO(ms) 68/2018/lsgd-18.5.2018 | 25583744 | | | 25583744 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81769128 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74274375 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 18675 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 733766 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18675/- | ശ്രീമതി.ഷീലാകുമാരി,<br>അസി. എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-20 | 3,50,000 | ഡോ.ജിനുകുമാർ കെ.കെ, വെറ്റിനറി സർജൻ |
| 1-18 | 1,48,000 | ശ്രീ.രമേശ്.ജി, സെക്രട്ടറി |
| 1-23 | 195811 | ശ്രീമതി.രമ്യ തോപ്പിൽ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-21 | 39955 | ശ്രീ.രമേശ്.ജി, സെക്രട്ടറി |
| ആകെ | 733766/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രമേശ്.ജി, സെക്രട്ടറി | സെക്രട്ടറി,<br>തിരുപുറം ഗ്രാമപഞ്ചായത്ത് | ലക്ഷ്മി കോട്ടജ്,<br>സ്റ്റുഡിയോ റോഡ്,<br>നേമം പി ഓ |
| ശ്രീമതി.രമ്യ തോപ്പിൽ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പൂവാർ ഗ്രാമപഞ്ചായത്ത് | കുന്നും കുളം ലൈൻ, A-65,<br>മെഡിക്കൽ കോളേജ് പി.ഒ |
| ശ്രീമതി.ഷീലാകുമാരി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ (വിരമിച്ചു) | ഷാരോൺ, കൊറ്റാമം,<br>ധനുവച്ചപുരം |
| ഡോ.ജിനുകുമാർ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, തിരുപുറം ഗ്രാമപഞ്ചായത്ത് | ജിനു ഹൗസ്, വട്ടവിള,<br>പയറ്റുവിള പി.ഒ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018<br>തീയതി 04.06.2018 | 1 | |
| | | | |

| | | | |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 1 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 2 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 9 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 8 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 7 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 4 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/976/2018 തീയതി 04.06.2018 | 6 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2027/16 തീയതി 24.11.2017 | 8 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1640/17 തീയതി 11.01.2018 | 24 | |
| 2017-18 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/2095/2018 | 4 | |

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുപുറം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം